പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1148

13.06.2013-ൽ മറുപടി നൽകേണ്ടത്

## ഭൂരഹിതരുടെ എണ്ണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ നടന്നുവരുന്നു. |
| (ബി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) ജില്ലകളിൽ നടന്നുവരുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം കൃത്യമായി വെളിവാകുകയുള്ളൂ. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകിയിട്ടുള്ളത്; | (സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി വിതരണം ചെയ്തിട്ടില്ല. |
| ഡി) ഈ വർഷം എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകുവാൻ ഉദ്ദേശിക്കുന്നത്; | (ഡി) പദ്ധതിയുടെ ഒന്നാംഘട്ടമായി ഒരു ലക്ഷം ഗുണഭോക്താക്കൾക്ക് 2013 ആഗസ്റ്റിൽ ഭൂമി നൽകാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |

| | |
|---|---|
| (ഇ) ഇതിനായുള്ള ഭൂമി കണ്ടെത്തി യിട്ടുണ്ടോ? | (ഇ) ആവശ്യമായ ഭൂമി കണ്ടെത്തി സർവ്വേ ചെയ്ത് പ്ലോട്ട് തിരിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ